# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:514** **26.03.2018-ൽ മറുപടിയ്ക്ക്**

## മത്സ്യഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്<br>ശ്രീ.എൻ. ഷംസുദ്ദീൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് നടപ്പിലാക്കിയ മത്സ്യഗ്രാമം പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;<br><br>ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്താൻ ഉദ്ദേശിച്ചിരുന്നത് എന്തൊക്കെയാണെന്നും ഇതിലൂടെ പൂർത്തീകരിച്ച കാര്യങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ? | എ) & ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറഷൻ മുഖേന 13-ാം ധനകാര്യ കമ്മീഷൻ ധനസഹായത്തോടെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മാതൃകാ മത്സ്യഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>▪ 1410.00 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് അംഗീകാരം നൽകി. ഇതിൽ 2 വൈദ്യുതീ കരണ പദ്ധതികൾ പൂർത്തീകരിച്ചു. 2 കുടിവെള്ള പദ്ധതികളിൽ ഒരെണ്ണം പൂർത്തീ കരിച്ചു. ഒരെണ്ണം പുരോഗമിക്കുന്നു. ഒരു ഫിഷറീസ് ആശുപത്രി നിർമ്മാണം പൂർത്തീ കരിച്ചു. 4 അംഗൻവാടികളുടെ നിർമ്മാണം പൂർത്തീകരിച്ചു. 2 ഫിഷറീസ് റോഡുകളുടെ നിർമ്മാണ പദ്ധതിയിൽ ഒരെണ്ണം പൂർത്തീകരിക്കുയും മറ്റേത് 50% പൂർത്തീകരിച്ചെങ്കിലും സ്ഥലവാസികളുടെ എതിർപ്പിനെത്തുടർന്ന് പദ്ധതി ഉപേക്ഷിച്ചു. ഒരു വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസന പദ്ധതി പൂർത്തീകരിച്ചു. 5 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചു.<br><br>▪ 2516.50 ലക്ഷം രൂപയുടെ 10 ഫീഷറീസ് സ്കൂൾ പുനരുദ്ധാരണ പദ്ധതിയിൽ 6 പദ്ധതികൾ പൂർത്തീകരിക്കുകയും സാങ്കേതിക കാരണങ്ങളാൽ 4 എണ്ണത്തിന്റെ സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഉപേക്ഷിക്കേണ്ടിയും വരും. ഫർണിച്ചർ, അടുക്കള ഉപകരണങ്ങൾ, ബയോഗ്യാസ് |

പ്ലാന്റ്, ഹൈമാസ്റ്റ് ലൈറ്റ് എന്നിവ 10 ജി.ആർ.എഫ്.ടി.എച്ച്.എസ്.കൾക്കും നൽകി യിട്ടുണ്ട്.

▪ 14 ഫിഷറീസ് കോളനികളുടെ നവീകരിക്കുന്നതിനായി 5 കോടി രൂപയുടെ 18 പദ്ധതികൾക്ക് ഭരണാനുമതി നൽകിയതിൽ 12 പദ്ധതികൾ പൂർത്തീകരിച്ചു. ഒരു പദ്ധതി ആരംഭിക്കേണ്ടതുമുണ്ട്. 5 എണ്ണം വിവിധ കാരണങ്ങളാൽ ഉപേക്ഷിക്കുകയും ചെയ്തു.

ഇതുകൂടാതെ, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 2012 -13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി 57 മത്സ്യഗ്രാമങ്ങളിൽ താഴെപ്പറയുന്ന പ ദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി. പദ്ധതി യുടെ നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു.

<u>2012-13 സാമ്പത്തിക വർഷം അനുവദിച്ച</u>

<u>പദ്ധതികൾ</u>

- 24 കുടിവെള്ള പദ്ധതികളിൽ 20 എണ്ണം പൂർത്തീ കരിച്ചു. 3 എണ്ണം പുരോഗമി ക്കുന്നു. 1 എണ്ണം ഉപേ ക്ഷിയ്ക്കുന്ന തിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
- 25 വൈദ്യുതീകരണ പദ്ധതികൾ പൂർത്തീ കരിച്ചു.
- 17 ലൈബ്രറി നിർമ്മാണ പദ്ധതികളിൽ 12 എണ്ണം പൂർത്തീകരിച്ചു 2 എണ്ണം ആരംഭി ക്കേണ്ടതുണ്ട്. 3 എണ്ണം ഉപേക്ഷിയ്ക്കുന്ന തിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
- 1 ബയോഗ്യാസ് നിർമ്മാണ പദ്ധതി പൂർത്തീ കരിച്ചു.
- 22 പബ്ലിക് ടോയ്‌ലറ്റ് നിർമ്മാണ പദ്ധതി കളിൽ 12 എണ്ണം പൂർത്തീകരിച്ചു 3 എണ്ണം പുരോഗ മിക്കുന്നു. 7 എണ്ണം ഉപേക്ഷിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
- 60 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ പദ്ധതി പൂർത്തീകരിച്ചു.
- വ്യക്തിഗത ടോയ്‌ലറ്റ് നിർമ്മാണം പദ്ധതിയിൽ 806 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി.
- ജീവനോപാധി സഹായം പദ്ധതിയിൽ 284 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി.

## 2013-14 സാമ്പത്തിക വർഷം അനുവദിച്ച പദ്ധതികൾ

- 16 കുടിവെള്ള പദ്ധതികളിൽ 13 എണ്ണം പൂർത്തീകരിച്ചു 2 എണ്ണം **ആരംഭിക്കേണ്ടതുണ്ട്.** 1 എണ്ണം ഉപേക്ഷിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
- 18 വൈദ്യുതീകരണ പദ്ധതികളിൽ 16 എണ്ണം പൂർത്തീകരിച്ചു. 2 എണ്ണം പുരോഗമിക്കുന്നു.
- 10 പബ്ലിക് ടോയ്‌ലറ്റ് നിർമ്മാണ പദ്ധതികളിൽ 6 എണ്ണം പൂർത്തീകരിച്ചു. 4 എണ്ണം ഉപേക്ഷിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
- 8 ലൈബ്രറി നിർമ്മാണ പദ്ധതികളിൽ 5 എണ്ണം പൂർത്തീകരിച്ചു. 3 എണ്ണം ഉപേക്ഷിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
- 10 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ പദ്ധതി പൂർത്തീകരിച്ചു.
- ജീവനോപാധി സഹായം പദ്ധതിയിൽ 500 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി.

## 2014-15 സാമ്പത്തിക വർഷം അനുവദിച്ച പദ്ധതികൾ

- 13 കുടിവെള്ള പദ്ധതികളിൽ 9 എണ്ണം പൂർത്തീകരിച്ചു. 3 എണ്ണം പുരോഗമിക്കുന്നു. 1 എണ്ണം **ആരംഭിക്കേണ്ടതുണ്ട്.**
- 14 വൈദ്യുതീകരണ പദ്ധതികൾ 10 എണ്ണം പൂർത്തീകരിച്ചു. 3 എണ്ണം പുരോഗമിക്കുന്നു. 1 എണ്ണം ഉപേക്ഷിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
- 3 പബ്ലിക് ടോയ്‌ലറ്റ് നിർമ്മാണ പദ്ധതി കളിൽ 1 എണ്ണം പൂർത്തീകരിച്ചു. 2 എണ്ണം ഉപേക്ഷിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
- 7 ലൈബ്രറി നിർമ്മാണ പദ്ധതികളിൽ 4 എണ്ണം പൂർത്തീകരിച്ചു 3 എണ്ണം ഉപേക്ഷിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
- 34 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ പദ്ധതി പൂർത്തീകരിച്ചു.

- 1 ഫിഷ്മാർക്കറ്റ് നിർമ്മാണം ഉപേക്ഷിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
- വ്യക്തിഗത ടോയ്‌ലറ്റ് നിർമ്മാണം പദ്ധതിയിൽ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് പൂർത്തീകരിച്ചു.
- ആവശ്യമായ എണ്ണം ഗുണഭോക്താക്കളെ ലഭിക്കാത്ത ഇടങ്ങളിൽ ജീവനോപാധി സഹായം പദ്ധതി ഉപേക്ഷിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ആഫീസർ**